# GOVERNMENT OF KERALA

## Abstract

Electronics & Information Technology Department - Transfer of an extent of 3 Acres of land in Technopark Phase IV campus to Kerala Startup Mission for the setting up of 'Emerging Technologies Startup Hub' - Orders issued

## ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT

G.O.(Ms)No.18/2023/ITD Dated,Thiruvananthapuram, 13-04-2023

Read:-
1. G.O.(Ms)No.30/2010/ITD dated 13.09.2010.
2. G.O.(Ms)No.16/2012/ITD dated 28.09.2012.
3. G.O.(Ms)No.10/2021/ITD dated 11.02.2021.
4. Letter No. KSUM/744/2022 dated 12.05.2022 from the Secretary & Registrar Kerala Startup Mission.
5. Letter No.ETPK/CD/LEGAL/2023/70 dated 17.01.2023 from the Chief Executive Officer, Technopark.

## ORDER

As per the Government Orders read as 1 st and 2nd paper above, Government have allotted 97 Acres of land in Technocity campus Pallippuram to M/s Tata Consultancy Services for the setting up of 'State of the Art Training Campus'. However the project did not materialize in time due to the rapid change in training methods. Subsequently, M/s Tata Consultancy Services Pvt. Ltd submitted a proposal to Government for permission to start Engineering, Product Development and Information Technology Services in the land already allotted in Technocity, Pallippuram. Accordingly, Government issued orders vide Government order read as 3rd paper above permitting M/s Tata Consultancy Services to use the 94 Acres of land, out of the total 97 Acres

of land allotted to them, for the setting up of Engineering Product Development and Information Technology Services in manufacturing, defense and aerospace sectors with focus on Internet of Things, Block Chains, Robotics, Data Analytics, Machine learning and Artificial Intelligence and to return 3 acres of land from the 15 acre land parcel allotted to M/s Tata Consultancy Services to Technopark for utilizing the land for projects related to IT/Space/ Defense.

2. As per the letter read as 4 th paper above, Kerala Startup Mission requested Government to allot the 3 Acres of land to be surrendered by M/s Tata Consultancy Services to Kerala Startup Mission for the setting up of 'Emerging Technologies Startup Hub'. The Chief Executive Officer, Technopark reported that M/s TCS surrendered the 3 Acres of land in Technopark Phase IV campus as per surrender deed dated 28.11.2022 registered on 12.12.2022 and requested to transfer the above mentioned 3 Acres of land in Block No 9, Re Sy. No.399/1, Pallipuram Village, Thiruvananthapuram Taluk in Technopark Phase IV Campus to Kerala Startup Mission, on lease basis, without collecting the initial down payment from Kerala Startup Mission for the setting up of Emerging Technologies Startup Hub as the Technopark had not returned the initial down payment collected from M/s TCS as mutually agreed in the MoU signed between Technopark and M/s TCS.

3. Government have examined the matter in detail and are pleased to grant permission to the Chief Executive Officer, Technopark to transfer an extent of 3 Acres of land in Block No 9, Re Sy. No.399/1, Pallipuram Village, Thiruvananthapuram Taluk in Technopark Phase IV Campus to Kerala Startup Mission on 30 years lease basis, renewable up to 90 years, with annual lease rent of Rs.25,000/-/acre and Operation & Maintenance charge of Rs.1,50,000/- / acre/ annum without collecting the initial down

payment from Kerala Startup Mission, for the setting up of 'Emerging Technologies Startup Hub'.

(By order of the Governor)
DR RATHAN U KELKAR I A S
SECRETARY

To:

The Chief Executive Officer, Technopark.
The Chief Executive Officer, Kerala Startup Mission.
The Secretary & Registrar Kerala Startup Mission
The Registrar, Government IT Parks.
The Accountant General (A&E/Audit) Thiruvananthapuram
General Administration (SC) Department
(Vide Item No.-------------- dated 12.04.2023 )
I&PRD, Web & New Media (For uploading in Govt. website)
Stock File/ Office Copy.

Forwarded /By order

Signed by
Mathew John
Date: 13-04-2023 17:25:13

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-04-2023

ഫയൽ നം. ഐ.ടി.-എ2/154/2021/ഇ&ഐടിഡി. ഇനം നം: 1475

വിഷയം : ഇലക്ട്രോണിക്സ് & ഐ. ടി. വകുപ്പ് - ടെക്നോപാർക്ക് നാലാംഘട്ട ക്യാമ്പസിലെ 3 ഏക്കർ സ്ഥലം പാട്ടവ്യവസ്ഥയിൽ എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന് കൈമാറുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ. ടി. വകുപ്പ്.

1475

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.ഐ.ടി.-എ 2/154/2021/ഇ&ഐടിഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി – ടെക്നോപാർക്ക് നാലാംഘട്ട ക്യാമ്പസിലെ 3 ഏക്കർ സ്ഥലം പാട്ടവ്യസ്ഥയിൽ എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന് കൈമാറുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.02.2023 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഇല്ല |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ യു കേൽകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.03.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.03.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 06.04.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.04.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 9, Re Sy. നമ്പർ 399/1 ൽ ഉൾപ്പെട്ട ടെക്നോപാർക്ക് നാലാംഘട്ട ക്യാമ്പസിലെ 3 ഏക്കർ സ്ഥലം പ്രാരംഭ ഡൗൺ പേയ്മെന്റ് ഈടാക്കാതെ പാട്ടവ്യവസ്ഥയിൽ എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന് കൈമാറുന്നതിനായി ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന് അനുമതി നൽകുന്നതു സംബന്ധിച്ച് മന്ത്രിസഭയുടെ അംഗീകാരം തേടുന്നതിനായാണ് ഈ കുറിപ്പ്.

2. ടെക്നോപാർക്ക് നാലാം ഘട്ട ക്യാമ്പസിന്റെ വികസനത്തിനായി തിരുവനന്തപുരം പള്ളിപ്പുറത്ത് 390 ഏക്കർ ഭൂമി ടെക്നോപാർക്ക് ഏറ്റെടുത്തിരുന്നു. 13.09.2010 തീയതിയിലെ സ.ഉ.(കൈ)നം.30/2010/ഐ.ടി.ഡി., 28.09.2012 തീയതിയിലെ സ.ഉ.(കൈ)നം.16/2012/ഐ.ടി.ഡി. എന്നിവ പ്രകാരം 'സ്റ്റേറ്റ് ഓഫ് ആർട്ട് ട്രെയിനിംഗ് ക്യാമ്പസ്' സ്ഥാപിക്കുന്നതിനായി പള്ളിപ്പുറം ടെക്നോസിറ്റി കാമ്പസിൽ ടാറ്റ കൺസൾട്ടൻസി സർവീസസിന് 82 ഏക്കർ സ്ഥലവും 15 ഏക്കർ സ്ഥലവും സർക്കാർ അനുവദിച്ചിരുന്നു. ഇങ്ങനെ ആകെ 97 ഏക്കർ ഭൂമി ടാറ്റ കൺസൾട്ടൻസി സർവീസസിന് അനുവദിക്കുകയുണ്ടായി. എന്നാൽ പരിശീലന രീതികളിൽ പെട്ടെന്നുണ്ടായ മാറ്റം കാരണം പദ്ധതി പ്രാവർത്തികമായില്ല. പിന്നീട് പള്ളിപ്പുറം ടെക്നോസിറ്റി ക്യാമ്പസിൽ പാട്ടത്തിനു നൽകിയിരുന്ന ഭൂമിയിൽ പ്രതിരോധ എയറോസ്പേസ് മേഖലകളുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ്, പ്രോഡക്റ്റ് ഡവലപ്മെന്റ്, വിവര സാങ്കേതിക വിദ്യാ സേവനങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നിർദ്ദേശം ടാറ്റ

കൺസൾട്ടൻസി സർവീസസ് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അതനുസരിച്ച് ടെക്നോസിറ്റിയിൽ ടാറ്റ കൺസൾട്ടൻസി സർവീസസിന് ഇതിനകം അനുവദിച്ച 97 ഏക്കർ ഭൂമിയിൽ 94 ഏക്കർ ഭൂമിയിൽ ബ്ലോക്ക് ചെയിൻ, റോബോട്ടിക്സ്, ഡേറ്റാ അനലിറ്റിക്സ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പ്രതിരോധ എയറോസ്പേസ് മേഖലകളുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ്, പ്രോഡക്ട് ഡവലപ്മെന്റ്, വിവര സാങ്കേതിക വിദ്യാ സേവനങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രം സ്ഥാപിക്കുന്നതിന് ടാറ്റ കൺസൾട്ടൻസി സർവീസസിനെ അനുവദിച്ചുകൊണ്ടും ടാറ്റ കൺസൾട്ടൻസി സർവീസസിന് പാട്ടത്തിനു നൽകിയിരുന്ന 15 ഏക്കർ ഭൂമിയിൽ നിന്ന് 3 ഏക്കർ ഭൂമി വിവരസാങ്കേതിക വിദ്യ/ സ്പെയിസ്/ പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വിനിയോഗിക്കുന്നതിനായി ടെക്നോപാർക്കിന് തിരികെ നൽകുന്നതിനും 11.02.2021 തീയതിയിലെ സ.ഉ.(കൈ)നം.10/2021/ഐ.ടി.ഡി പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.

3. 28.11.2022 തീയതിയിലെ സറണ്ടർ ഡീഡ് പ്രകാരം ടെക്നോപാർക്ക് നാലാംഘട്ടത്തിലെ 3 ഏക്കർ ഭൂമി സൗജന്യമായി ടാറ്റ കൺസൾട്ടൻസി സർവീസസ് ടെക്നോപാർക്കിന് തിരികെ നൽകിയിരുന്നു. എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് സജ്ജീകരിക്കുന്നതിനായി ടാറ്റ കൺസൾട്ടൻസി സർവീസസ് സറണ്ടർ ചെയ്ത 3 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി. എമർജിംഗ് സാങ്കേതിക വിദ്യയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റേറ്റ് ഓഫ് ദ ആർട്ട് സൗകര്യം നിർമ്മിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഉദ്ദേശിക്കുന്നു.

4. ടാറ്റ കൺസൾട്ടൻസി സർവീസസ് ടെക്നോപാർക്കിന് തിരികെ നൽകിയ തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 9, Re Sy. നമ്പർ 399/1 ൽ ഉൾപ്പെട്ട ടെക്നോപാർക്ക് നാലാംഘട്ട ക്യാമ്പസിലെ 3 ഏക്കർ സ്ഥലം എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് സ്ഥാപിക്കുന്നതിനായി 25,000/-/ഏക്കർ / വർഷം എന്ന നിരക്കിൽ പാട്ട വാടകയും 1,50,000/- / ഏക്കർ / വർഷം എന്ന നിരക്കിൽ ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ്ജും ഈടാക്കിക്കൊണ്ട് കേരള സ്റ്റാർട്ടപ്പ് മിഷന് 90 വർഷത്തേക്ക് വരെ പുതുക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ 30 വർഷത്തെ പാട്ടത്തിന് നൽകാവുന്നതാണെന്ന് ടെക്നോപാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശിച്ചിരുന്നു. ടാറ്റ കൺസൾട്ടൻസി സർവീസസ് മേൽപ്പറഞ്ഞ 3 ഏക്കർ ഭൂമി തിരികെ നൽകിയപ്പോൾ, അവരിൽ നിന്ന് പിരിച്ചെടുത്ത പ്രാരംഭ ഡൗൺ പേയ്മെന്റ് ടെക്നോപാർക്കും ടാറ്റ കൺസൾട്ടൻസി സർവീസസും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിൽ സമ്മതിച്ച പ്രകാരം ടെക്നോപാർക്ക് തിരികെ നൽകിയിട്ടില്ല. അതിനാൽ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്ന് പ്രാരംഭ ഡൗൺ പേയ്മെന്റ് ഈടാക്കാതെ തന്നെ 3 ഏക്കർ ഭൂമി നൽകാവുന്നതാണെന്ന് ടെക്നോപാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

5. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട കാര്യം

തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 9, Re Sy. നമ്പർ 399/1 ൽ ഉൾപ്പെട്ട ടെക്നോപാർക്ക് നാലാംഘട്ട ക്യാമ്പസിലെ 3 ഏക്കർ

സ്ഥലം എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് സ്ഥാപിക്കുന്നതിനായി 25,000/-/ഏക്കർ / വർഷം എന്ന നിരക്കിൽ പാട്ട വാടകയും 1,50,000/- / ഏക്കർ / വർഷം എന്ന നിരക്കിൽ ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ്ജും ഈടാക്കിക്കൊണ്ട് 90 വർഷത്തേക്ക് വരെ പുതുക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ പ്രാരംഭ ഡൗൺ പേയ്മെന്റ് ഈടാക്കാതെ 30 വർഷത്തെ പാട്ടത്തിന് കേരള സ്റ്റാർട്ടപ്പ് മിഷന് കൈമാറുന്നതിനായി ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന് അനുമതി നൽകാമോ.